**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി വിപണി വിപുലീകരണത്തിനും മൂല്യ വർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിനും വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്.<br>ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേര വികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വള പ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യ സുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ |

സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോൽപ്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ (FPO)-കൾ/ കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും.

കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന**

**സമീപനം**

**2. വിള വിസ്തൃതി വർദ്ധനവും വികസനസമീപനവും**

**നെൽകൃഷി വികസന പദ്ധതി**

**പച്ചക്കറി വികസനം**

**നാളികേര വികസനം**

| | | | |
|---|---|---|---|
| | | | **സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം**<br><br>**ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും**<br><br>**കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി**<br><br>**3. കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള**<br><br>**പരിപാലനവും**<br><br>**4. വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ**<br><br>**ലഘൂകരണവും**<br><br>**5. മറ്റു പദ്ധതികൾ**<br><br>**ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും**<br><br>**മണ്ണിന്റെയും വിളകളുടേയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും**<br><br>**വിള ആരോഗ്യപരിപാലനം**<br><br>**ലബോറട്ടറികളുടെ ആധുനീകരണം**<br><br>**ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ** |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും, ആയതിലേക്കായി വകയിരുത്തിയ തുക എത്രയാണെന്നും, അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ? | (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ കേരളം പരിപാടിയിൽ ഉൾപ്പെടുത്തി തരിശു ഭൂമിയിൽ കൃഷി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം. | പദ്ധതികൾ | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 2.86494 | 5.65323 | 9.17695 | 6.31997 | 2.02865 | 1.46663 |
| 2 | ക്വാളിറ്റി കൺട്രോൾ | 0.08 | | 0.2251 | 0.90628 | | 0.39035 |
| 3 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 6.91024 | 21.5823 | 8.86966 | 10.4527 | 1.77748 | 1.82391 |
| 4 | പച്ചക്കറി വികസന പദ്ധതി | 23.6076 | 31.1456 | 51.8165 | 25.1078 | 29.9076 | 38.2033 |
| 5 | വിള ആരോഗ്യ പരിപാലനം | 7.71876 | 5.299 | 9.49133 | 4.40457 | 2.32452 | 4.18165 |
| 6 | അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി | 1.12257 | 13.0968 | 5.6349 | 3.96003 | 3.01734 | 5.90301 |
| 7 | കേരഗ്രാമം | 12.91458 | | | | | 0.65842 |
| 8 | ജൈവകൃഷി | 8.68843 | 2.99241 | 3.85907 | 1.295 | | 2.9 |
| 9 | എൻ.എം.എസ്.എ. സോയിൽ | 0.12507 | | | | | |
| 10 | പരമ്പരാഗത കൃഷി വികാസ് യോജന | 5.48341 | | 2.48537 | | | |
| 11 | വിപണി വികസനം (വിഷുവിപണി/ ഓണചന്തകൾ) | 3 | 7 | 3.6 | 7.15 | 7.15 | 7.15 |
| 12 | ബയോഗ്യാസ് (സെൻട്രൽ) | 1.844 | 0.66 | 4.35 | 1.6 | 4.455 | |
| 13 | കർഷകർക്ക് സൗജന്യ വൈദ്യുതി (നോൺപ്ലാൻ) | 1.63664 | 1.2525 | 1.38953 | 1.5555 | 0.01815 | 0.0746 |
| 14 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ | 18.7315 | 15.5621 | 38.1905 | 7.5109 | 8.58351 | |
| 15 | ആത്മ | 0.09 | 4.08828 | 5.5163 | 1.92078 | 3.9539 | 3.39 |
| 16 | ആർ.കെ.വി.വൈ നെല്ല് | 0.2216 | 5 | | 2.35 | 0.0875 | 1.653 |
| 17 | ആർ.കെ.വി.വൈ തരിശ് വാഴ | | | | | 5.09716 | |
| 18 | ആർ.കെ.വി.വൈ തരിശ് പച്ചക്കറി | | | | | 1.182 | |
| 19 | ആർ.കെ.വി.വൈ തരിശ് കിഴങ്ങുവർഗ്ഗം | | | | | 2.4594 | |
| 20 | ആർ.കെ.വി.വൈ തരിശ് പയറുവർഗ്ഗം | | | | | 0.054 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 21 | ആർ.കെ.വി.വൈ തരിശ് ചെറുധാന്യം | | | | | 0.924 | |
| 22 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 24.85333 | 5.34715 | 344.67 | 8.51403 | 27.6523 | 27.9644 |
| 23 | ജനകീയാസൂത്രണം | 21.22434 | 78.3466 | 69.6929 | 25.95 | 21.815 | |
| 24 | നാളികേരവികസനം (കേരസമൃദ്ധി, മാതൃകാതോട്ടങ്ങൾ, സി.ഡി.ബി) | 4.52276 | 5.74625 | 4.4469 | 3.82755 | 1.64855 | |
| 25 | സുഗന്ധവ്യഞ്ജന വികസനം | | 6.025 | 1.325 | | 2.45 | 5.7 |
| 26 | എസ്.എം.എ.എം | | 0.49985 | 10.8137 | | | |
| 27 | കൃഷിപാഠശാല | | | | | 1.21075 | 0.344 |
| 28 | കിഴങ്ങ്/പയർ വർഗ്ഗവിള വികസനം | | | 0.077 | | 0.35 | 0.51 |
| 29 | വിള ഇൻഷ്വറൻസ് ആനുകൂല്യം | | 0.09 | 40.13 | 83.4506 | 89.7205 | 42.0003 |
| 30 | പി.എം.കെ.എസ്.വൈ | | | 1.99162 | 0.87107 | | |
| 31 | ഫലവർഗ്ഗ വികസനം | | | | | 3.16415 | 8.42658 |
| 32 | ജൈവഗൃഹം | | | | | 14.77 | 6.33 |
| 33 | മണ്ണിന്റെയും വേരിന്റെയും ആരോഗ്യം | | | | | 0.162 | 0.432 |
| 34 | ബയോഗ്യാസ് (സ്റ്റേറ്റ്) | | | | | 0.48 | |
| 35 | സി.ഡി.ബി | | | | | 3.88725 | |
| 36 | കുരോട്ടുകോണം ഏലയുടെ അടിസ്ഥാ സൗകര്യ പ്രവർത്തനങ്ങൾ ക്കായി ഭരണാനുമി ലഭിച്ചു. (Rice Development programme) | | 2.99491 | | | | |
| 37 | ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി | | | | | | 11.42 |
| **2022-23 വർഷത്തെ പദ്ധതികൾ അനുവദിച്ച് വരുന്നതേയുള്ളൂ.** | | | | | | | |

സെക്ഷൻ ഓഫീസർ